# പതിനാലാം കേരള നിയമസഭ നാലാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 3784
# - 15.03.2017-ന് മറുപടി നൽകേണ്ടത്

## നോട്ട് നിരോധനവും ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. പി.കെ. ശശി** | **ഡോ. റ്റി.എം. തോമസ് ഐസക്, ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ. | സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലും അംഗീകാരത്തോടെയും പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നോട്ടുനിരോധനം എത്തരത്തിൽ ബാധിച്ചു എന്നു വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലും അംഗീകാരത്തോടെയും പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളായ കേരള ഫിനാൻഷ്യൽ കോർപ്പറേഷനെയും കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിനെയും നോട്ടുനിരോധനം ബാധിച്ചിട്ടുണ്ട്.<br>കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ ഇതു മൂലം ഇടപാടുകാർക്ക് കൃത്യസമയത്ത് തിരിച്ചടവ് നടത്താൻ ബുദ്ധിമുട്ടുണ്ടാവുകയും, അങ്ങനെ ആ ലോണുകളിൽ കുടിശ്ശിക വന്നു ചേരുകയുമുണ്ടായി. നോട്ടു നിരോധന സമയത്ത് നിരോധിച്ച നോട്ടുകൾ സ്വീകരിക്കാൻ കോർപ്പറേഷന് അനുമതി ഇല്ലാത്തത് കാരണം, നിരോധിച്ച നോട്ടുകളടച്ച് ലോണുകൾ തീർക്കാൻ സന്നദ്ധരായി വന്ന ഇടപാടുകാരിൽ നിന്നും പണം സ്വീകരിക്കാനും സാധിച്ചില്ല.<br>കെ.എസ്.എഫ്.ഇ യുടെ വിവിധ പദ്ധതികളിലുള്ള തിരിച്ചടവിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. 2016 ഒക്ടോബർ മാസത്തെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ നവംബർ മാസത്തിൽ 284 കോടി രൂപയുടേയും ഡിസംബർ മാസത്തിൽ 149 കോടി രൂപയുടേയും 2017 ജനുവരി മാസത്തിൽ 202 കോടി രൂപയുടേയും കുറവ് ഉണ്ടായിട്ടുണ്ട്. |

| | | |
|---|---|---|
| ബി | ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തി ജനങ്ങൾക്കായുള്ള സേവനം ഉറപ്പുവരുത്താനും ജീവനക്കാരെ സംരക്ഷിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ , RBI 21.11.2016 ൽ DBR No. 21.11.16 BP.BC. 37/21.04.048/2016-17 എന്ന സർക്കുലർ പ്രകാരം ഒരു കോടി വരെയുള്ള ലോണുകൾക്ക് 31.03.2017 വരെ തിരിച്ചടവിന് ഇളവ് നൽകിയിട്ടുണ്ട്.<br>കെ.എസ്.എഫ്.ഇ യുടെ വിവിധ ശാഖകളിൽ POS മെഷീൻ സ്ഥാപിച്ചുകൊണ്ടും ബാങ്ക്/ഓൺലൈൻ പണമിടപാട് പ്രോത്സാഹിപ്പിച്ചുകൊണ്ടും നോട്ടുനിരോധനം മൂലമുണ്ടായ ബുദ്ധിമുട്ടുകൾ മറികടക്കാൻ ശ്രമിച്ചുവരുന്നു. |
| സി. | സംസ്ഥാന ട്രഷറി ചെക്കുകൾ സ്വീകരിക്കുന്നതിൽ മറ്റു ബാങ്കുകളോ (പൊതുമേഖല), എൽ.ഐ.സി. തുടങ്ങിയ ഇൻഷുറൻസ് കമ്പനികളോ, സ്റ്റാർ ഹെൽത്ത് തുടങ്ങിയ ധനകാര്യ ഇൻഷുറൻസ് സ്ഥാപനങ്ങളോ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ; | വിലക്ക് ഏർപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി. | സംസ്ഥാന ട്രഷറികൾ, സഹകരണ മേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഐ.എഫ്.എസ്.കോഡ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് അവർക്ക് ലഭ്യമാക്കാൻ എന്തു നടപടികൾ സ്വീകരിക്കും? | സംസ്ഥാന ട്രഷറികൾക്ക് ഐ.എഫ്.എസ് കോഡ് നിലവിലില്ല.<br>സഹകരണസ്ഥാപനങ്ങളായ സംസ്ഥാന സഹകരണ ബാങ്കിനും, 14 ജില്ലാ സഹകരണ ബാങ്കുകൾക്കും, ഭാരതീയ റിസർവ്വ് ബാങ്ക് ഇക്കാര്യത്തിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന സഹകരണ അർബൻ ബാങ്കുകൾക്കും ഐ.എഫ്.എസ്. കോഡ് നിലവിലുണ്ട്. ഭാരതീയ റിസർവ്വ് ബാങ്ക് ഇക്കാര്യത്തിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന സഹകരണ ബാങ്കുകൾക്കാണ് ഐ.എഫ്.എസ് കോഡ് ലഭിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**